# വ്യവസായ കേരളം

21

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JULY 2022




## ഒരു ലക്ഷം സംരംഭങ്ങൾ

# ആശയങ്ങൾ പങ്കുവച്ച് നിയമസഭാ സാമാജികരുടെ കൂടിക്കാഴ്ച

2022 - 23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നിയമസഭാ സാമാജികരുടെ കൂടിക്കാഴ്ചയും ശില്പശാലയും സംഘടിപ്പിച്ചു. ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. എം. ബി രാജേഷ് അധ്യക്ഷത വഹിച്ചു. 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും പദ്ധതിയുടെ ഇത് വരെയുള്ള പ്രവർത്തന വിശകലനങ്ങളും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ബഹു. എം.എൽ.എ മാരുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്തു. പദ്ധതി കൂടുതൽ സുഗമമാക്കുന്നതിനും ജനപ്രിയമാക്കുന്നതിനും ജനപ്രതിനിധികൾ വിവിധ ആശയങ്ങൾ ശില്പശാലയിൽ പങ്കുവച്ചു.

കേരളത്തിൽ ഒരു വർഷത്തിനുള്ളിൽ ചുരുങ്ങിയത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ നൽകുവാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ബൃഹത്തായ പദ്ധതിക്ക് വ്യവസായ വകുപ്പാണ് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഓരോ മണ്ഡലങ്ങളുടെയും ഇതുവരെയുള്ള പ്രവർത്തന വിവരങ്ങൾ കൈപ്പുസ്തക രൂപത്തിൽ ശില്പശാലയിലൂടെ എം.എൽ.എ മാർക്ക് കൈമാറി.

കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ സുഗമമാക്കി സംരംഭകർ കടന്നു വരുന്നതിനായി പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പഞ്ചായത്ത് നഗര സഭകളിലെ ഹെൽപ് ഡെസ്ക് മുഖേനയും മറ്റ് ദിവസങ്ങളിൽ ഫീൽഡ് വർക്കിലൂടെയും ഇന്റേണുകളുടെ നേതൃത്വത്തിൽ സംരംഭക രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. എം.എസ്.എം.ഇ ക്ലിനിക്കുകളുടെ സേവനങ്ങളിലൂടെയും 4% പലിശക്ക് വായ്പ ലഭ്യമാക്കിയും കൂടുതൽ പേർക്ക് സംരംഭകത്വ സഹായം ലഭ്യമാക്കി വരുന്നുണ്ട്.

ജൂലൈ പന്ത്രണ്ടാം തീയതി വൈകുന്നേരം 6 മണിക്ക് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന പരിപാടിയിൽ ഭരണ-പ്രതിപക്ഷ എം.എൽ.എ മാർ പങ്കെടുത്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ് സ്വാഗതവും ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് നന്ദിയും രേഖപ്പെടുത്തി. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് സംരംഭക വർഷത്തിന്റെ വിഷയാവതരണം നടത്തി. കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ശ്രീ. എം.ജി.രാജമാണിക്കം ഐ.എ.എസ്; സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ, ശ്രീ. എസ്. പ്രേംകുമാർ, കെബിപ് സി.ഇ.ഒ ശ്രീ. സൂരജ് എസ്. എന്നിവരും പരിപാടിയിൽ സന്നിഹിതരായിരുന്നു. ശില്പശാലയോടനുബന്ധിച്ച് വയലി ബാംബൂ മ്യൂസിക് ബാൻഡ് അവതരിപ്പിച്ച സംഗീത സദസ്സ് ആസ്വാദന വിരുന്നൊരുക്കി.





# ആലപ്പുഴ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. 66.05 കോടി രൂപ ചെലവ് വരുന്ന പദ്ധതി 14 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന സർക്കാർ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതുപോലെ ഈ കമ്പനിക്കും പ്രൊഫഷണൽ മാനേജ്മെന്റുണ്ടാകും. വിദഗ്ദരായ ആളുകളെ കമ്പനിയുടെ പ്രവർത്തനത്തിനു ചുമതലപ്പെടുത്തും. കർഷകർക്ക് തറവില നൽകി കേരള റൈസ് ലിമിറ്റഡ് നെല്ല് വാങ്ങും. സിവിൽ സപ്ലൈസ് വകുപ്പുമായി ചേർന്നു സംഭരിക്കുന്ന നെല്ല് റൈസ് പാർക്കിൽ ശേഖരിക്കാനാകും. ഇങ്ങനെ മത്സരാധിഷ്ഠിതമായി വിപണിയിൽ ഇടപെടുന്നതിലൂടെ ഒരു ദിവസം 80 ടൺ നെല്ല് പ്രോസസ് ചെയ്യാനും 300 തൊഴിൽ ദിനം രണ്ടു ഷിഫ്റ്റിൽ പ്രവർത്തിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി കർഷകർക്കു കൂടുതൽ വരുമാനവും കേരളത്തിൽ കൂടുതൽ നെൽ കൃഷിയും കൊണ്ടുവരാൻ സാധിക്കും.

# 26 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ

വ്യവസായ വകുപ്പിന് കീഴിലുള്ള 26 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ. 2021 ൽ വ്യവസായ വകുപ്പിന് കീഴിലുള്ള 16 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലായിരുന്നതെങ്കിൽ ഇപ്പോൾ 26 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്. നിരവധി സ്ഥാപനങ്ങൾ ചരിത്രത്തിലെ ഏറ്റവുമുയർന്ന പ്രവർത്തന ലാഭവും വിറ്റുവരവും ഈ വർഷം രേഖപ്പെടുത്തി. 1058 കോടി രൂപയുടെ വിറ്റുവരവും 332.20 കോടി രൂപയുടെ പ്രവർത്തന ലാഭവും നേടിക്കൊണ്ട് കെഎംഎംഎൽ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചു. സംസ്ഥാന ചരിത്രത്തിൽ ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനം നേടുന്ന ഏറ്റവും ഉയർന്ന പ്രവർത്തന ലാഭമാണ് കെഎംഎംഎൽ നേടിയത്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കെൽട്രോൺ, ട്രാവൻകൂർ ടൈറ്റാനിയം, കെൽട്രോൺ കംപോണന്റ് എന്നിവ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചപ്പോൾ മലപ്പുറം സ്പിന്നിംഗ് മിൽ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള, കാഡ്കോ, പ്രിയദർശിനി സ്പിന്നിംഗ് മിൽ, കേരളാ സിറാമിക്സ്, ക്ലേയ്സ് ആന്റ് സിറാമിക്സ്, കെ.കരുണാകരൻ സ്മാരക സ്പിന്നിംഗ് മിൽ, മലബാർ ടെക്സ്റ്റൈൽസ്, മെറ്റൽ ഇൻഡസ്ട്രീസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, ടെക്സ്റ്റൈൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ 10 വർഷത്തിനിടയിലെ ഏറ്റവും മികച്ച പ്രകടനവും കാഴ്ചവച്ചു.

ഓരോ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാകുന്നതിനായി വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുമെന്ന വാഗ്ദാനം ഇതിനോടകം വ്യവസായ വകുപ്പ് പൂർത്തീകരിച്ചു. റിയാബിന് കീഴിലുള്ള 41 പൊതുമേഖലാ സ്ഥാപനങ്ങളെ ഏഴു വിഭാഗങ്ങളിലായി തിരിച്ച് 2030 ഓടെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാക്കാനുള്ള മാസ്റ്റർപ്ലാൻ പ്രകാരം 175 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഷോർട്ട് ടേം, മിഡ് ടേം, ലോങ് ടേം എന്നീ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ 41 സ്ഥാപനങ്ങളിലുമായി മൊത്തം 9467 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകും. എല്ലാ സ്ഥാപനങ്ങളിലുമായി മൊത്തം വാർഷിക വിറ്റുവരവ് നിലവിലുള്ള 3300 കോടി രൂപയിൽ നിന്ന് 14,238 കോടി രൂപ വർധിച്ച് 17,538 കോടി രൂപയാകുകയും ചെയ്യും. പദ്ധതികൾ പൂർത്തിയാകുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ജോലി ചെയ്യുന്ന 14,700 പേർക്ക് പുറമെ 5464 പേർക്ക് കൂടി ജോലി പുതിയതായി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.



# സംരംഭകർക്ക് സഹായമേകാൻ തിങ്കളും ബുധനും ഹെൽപ് ഡെസ്ക്

2022-2023 സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സംരംഭകർക്ക് കൈത്താങ്ങ് സഹായം ഉറപ്പാക്കുന്നതിനായി ഹെല്പ് ഡെസ്ക് സംവിധാനത്തിന് രൂപം നൽകി വ്യവസായ വകുപ്പ്. സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി 1153 ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിലും ഈ ഇന്റേൺസിന്റെ സേവനം ഹെല്പ് ഡെസ്കിൽ പ്രയോജനപ്പെടുത്തും. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഇതിലൂടെ സാധിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.